ഉത്തരം

(എ) മൂന്ന്. അവ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് കോൾ എന്നിവയാണ്.

(ബി) ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിന് 160 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വേമ്പനാട് കായലിൽ ഉപ്പ് വെള്ളം കയറി ജലസ്രോതസ്സ് നശിക്കാതിരിക്കാനായി തണ്ണീർമുക്കം, തോട്ടപ്പിള്ളി ഷട്ടറുകൾ പണി തീർത്ത് പ്രവർത്തിപ്പിച്ചുവരുന്നു. ശാസ്താംകോട്ടയിലും, അഷ്ടമുടിയിലും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ സഹായത്തോടെ വിവിധ വകുപ്പുകൾ സംയോജിതമായി കർമ്മപരിപാടി നടപ്പിലാക്കിവരുന്നുണ്ട്. നടപ്പ് ധനകാര്യവർഷത്തിൽ ശാസ്താംകോട്ടയ്ക്ക് 24.73 ലക്ഷം രൂപയും, അഷ്ടമുടിയ്ക്ക് 31.12 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

അഭയറാബ് എന്ന വാക്സിൻ വാങ്ങിയതിലെ ക്രമക്കേട്

101 [558] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന അഭയറാബ് എന്ന വാക്സിൻ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചതെന്നാണ്;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ചവരിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്ന റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന മരുന്ന് റേറ്റ് കോൺട്രാക്ടിൽ നൽകുന്നതിന് ഈ വർഷം സി. പി. സി. രണ്ട് കമ്പനികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. റാബീസ് വാക്സിൻ ഹ്യൂമൻ സെൽ കൾച്ചർ എന്ന മരുന്ന് ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പനിയാണ് നൽകുന്നത്. ഹ്യൂമൻ ഡിപ്ലോയ്ഡ് സെൽ റാബീസ് വാക്സിൻ എന്ന മരുന്ന് സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ എന്ന കമ്പനിയാണ് നൽകുന്നത്. ഈ രണ്ട് കമ്പനികളും സപ്ലൈ ഓർഡർ അനുസരിച്ച് വാക്സിൻ നൽകേണ്ടതാണെങ്കിലും ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ അൻപത് ശതമാനത്തിൽ താഴെയാണ് വാക്സിൻ സപ്ലൈ ചെയ്തിരിക്കുന്നത്. ഇതുമൂലമുണ്ടാകുന്ന കുറവ് പരിഹരിക്കാൻ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി മുഖേനയോ ലോക്കൽ പർച്ചേസ് വഴിയോ മരുന്ന് വാങ്ങുന്നുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്.

(ഡി) 20-1-2005-ലാണ് ലഭിച്ചത്.

(ഇ ആന്റ് എഫ്) നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അടുത്തിടെ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. വിജിലൻസ് വകുപ്പ് നടത്തിവരുന്ന അന്വേഷണ റിപ്പോർട്ടുകൂടി ലഭിച്ചതിനുശേഷം മാത്രമേ ഈ കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ കഴിയൂ.

ആരോഗ്യ മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

102 [559] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, മഞ്ഞളാംകുഴി അലി:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശ സഹായത്തോടെ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) ആരോഗ്യ മേഖലയുടെ വികസനത്തിനായി 2004-05, 2005-06 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എന്തുതുക വീതം വകയിരുത്തിയിരുന്നു; ഇതിൽ എന്തു തുക വീതം പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ചു;

(ഇ) ബഡ്ജറ്റുകളിൽ വകയിരുത്തുന്ന തുകപോലും ആരോഗ്യ മേഖലയിൽ ചെലവഴിക്കപ്പെടുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly